**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 957** **24-02-2022 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി പുഴയോര ഭാഗങ്ങൾ സംരക്ഷിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി പുഴയോരം ഇടിഞ്ഞ് വീണ് പൊതുജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി നേരിടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കുറ്റ്യാടി പുഴയോരത്തെ ഇടിഞ്ഞുവീഴുന്ന ഭാഗങ്ങൾ കെട്ടി സംരക്ഷിക്കുന്ന പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; ഈ വിഷയം സംബന്ധിച്ച് ശ്രീ കെ.പി. ബാലകൃഷ്ണൻ, കോവുപ്പുറത്ത് ഹൗസ്, പാലയാട്ട് നട, ശ്രീ കെ.പി. വിപിൻ കുമാർ, പാലയാട്ടു നട, ശ്രീമതി സജീന അറക്കൽ, കുറ്റ്യാടി, ശ്രീ ഗോപാലൻ, മണിയൂർ എന്നിവർ സമർപ്പിച്ച അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | കുറ്റ്യാടിപ്പുഴയുടെ ഇടതുകര സംരക്ഷണത്തിനായി 2019-20 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ 10 കോടി രൂപയുടെ 17 പ്രവൃത്തികളും കൂടാതെ 2018-19 വർഷത്തെ എഫ്.സി. പ്ലാനിൽ ഉൾപ്പെട്ട ഒരു പ്രവൃത്തിയും നടപ്പിലാക്കി വരുന്നുണ്ട്. ഈ പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. 1) ശ്രീ.വിപിൻകുമാർ, പാലയാട്ടുനട എന്നവരുടെ അപേക്ഷ പരിഗണിച്ച് 140 മീ. നീളത്തിൽ പുഴ - സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് 47 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. 2) ശ്രീ.ഗോപാലൻ, മണിയൂർ എന്നവരുടെ പരാതി പരിഗണിച്ച് 27 മീ. നീളത്തിൽ പുഴ . സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് 7.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. 3)ശ്രീ.കെ.പി.ബാലകൃഷ്ണൻ, കോവുപ്പുറത്ത് എന്നവരുടെ അപേക്ഷ പരിഗണിച്ച് 385 മീ. നീളത്തിൽ പുഴ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് 154 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. 4)ശ്രീമതി സജീന അറയ്ക്കൽ എന്നവരുടെ പരാതി ലഭിച്ചിട്ടില്ല. |
| (സി) | തകർന്ന കുറ്റ്യാടി പുഴയോര ഭാഗങ്ങൾ കെട്ടി സംരക്ഷിക്കുന്നതിനായി ഇറിഗേഷൻ വകുപ്പ് വഴി സമർപ്പിക്കപ്പെട്ട പ്രോജക്റ്റുകളിൽ ഏതൊക്കെ പ്രോജക്റ്റുകൾക്ക് അംഗീകാരം ലഭ്യമായിട്ടുണ്ട്; വിശദവിവരങ്ങൾ നൽകുമോ; | (സി) | തകർന്ന കുറ്റ്യാടിപ്പുഴയുടെ ഇടതുകര കെട്ടി സംരക്ഷിക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ 10 കോടി രൂപയുടെ 17 പ്രവൃത്തികളും കൂടാതെ 2018-19 വർഷത്തെ എഫ്.സി. - പ്ലാനിൽ ഉൾപ്പെട്ട ഒരു പ്രവൃത്തിയും സമയബന്ധിതമായി നടപ്പിലാക്കി വരുന്നു. |
| (ഡി) | പ്രസ്തുത പ്രവൃത്തി കാലവർഷത്തിനുമുമ്പ് നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് | (ഡി) | തകർന്ന കുറ്റ്യാടിപ്പുഴയുടെ ഇടതുകര കെട്ടി സംരക്ഷിക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ |

| | | | |
|---|---|---|---|
| | സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ? | | 10 കോടി രൂപയുടെ 17 പ്രവൃത്തികളും കൂടാതെ 2018-19 വർഷത്തെ എഫ്.സി. - പ്ലാനിൽ ഉൾപ്പെട്ട ഒരു പ്രവൃത്തിയും സമയബന്ധിതമായി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ